"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- ഇടുക്കി ജില്ലയിലെ മാങ്കുളം ഗ്രാമ പഞ്ചായത്ത് 2015-16-ൽ വനിതകൾക്ക് ഡ്രൈവിംഗ് പരിശീലനം പദ്ധതിയ്ക്കായി ചെലവഴിച്ച തുക പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.2910/2022/LSGD തീയതി,തിരുവനന്തപുരം, 24-11-2022

---

പരാമർശം:-

1. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ബഹു. ഓംബുഡ്സ്മാന്റെ 12/4/2022-ലെ 611/2018 നമ്പർ ഉത്തരവ്.
2. 07/05/2022-ൽ ചേർന്ന മാങ്കുളം ഗ്രാമപഞ്ചായത്തിന്റെ സാധാരണ മീറ്റിംഗിലെ 04(1) -ാം നമ്പർ തീരുമാനം.
3. പഞ്ചായത്ത് ഡയറക്ടറുടെ 28/08/2022-ലെ PAN/12756/2022-J6(DP) നമ്പർ കത്ത്.

**ഉത്തരവ്**

ഇടുക്കി ജില്ലയിലെ മാങ്കുളം ഗ്രാമപഞ്ചായത്ത് 2014-15-ൽ വനിതകൾക്ക് ഡ്രൈവിംഗ് പരിശീലനം നടത്തിയതിന് ചെലവഴിച്ച 2,10,000/- രൂപ സർക്കാർ മാർഗ്ഗരേഖക്ക് വിരുദ്ധമായതിനാൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ടി കാലയളവിൽ പദ്ധതി നടപ്പാക്കിയ സെക്രട്ടറിയുടെ പേരിൽ സർചാർജ്ജ് ചെയ്തിരുന്നു. 2015-16 വർഷം ഇതേ പദ്ധതിക്ക് തുക ചെലവഴിച്ചാൽ വീണ്ടും ഓഡിറ്റ് പരാമർശങ്ങൾക്ക് വിധേയമാകുമെന്നതിനാൽ പരിശീലനം നടത്തിയ സ്ഥാപന ഉടമ ശ്രീ. കെ. വി. ബേബിക്ക് 2015-16-ലെ തുക ഗ്രാമപഞ്ചായത്ത് അനുവദിച്ചിരുന്നില്ല. തുടർന്ന് ടിയാൻ തുക അനുവദിക്കണമെന്നാവശ്യപ്പെട്ട് തദ്ദേശ സ്വയംഭരണ ഓംബുഡ്സ്മാൻ മുമ്പാകെ ഫയൽ ചെയ്ത ഹർജിയിലെ ഇടക്കാല ഉത്തരവിൽ ടി വിഷയം ക്ഷേമകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിക്ക് റഫർ ചെയ്യുവാനും ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഈ വിഷയം പഠിച്ച് ഒരു പരിഹാരം കാണാനും പരാമർശം (1) പ്രകാരം ഉത്തരവായി.

2. മാങ്കുളം ഗ്രാമപഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി സർക്കാർ അനുമതി വാങ്ങി തുക അനുവദിക്കുന്നതിന് പരാമർശം (2) പ്രകാരം തീരുമാനമെടുക്കുകയും, അതുപ്രകാരം ജനറൽ വിഭാഗത്തിൽ ആളൊന്നിന് 7000 രൂപ നിരക്കിൽ 1,82,000/- രൂപയും പട്ടികജാതി വിഭാഗത്തിൽ ആളൊന്നിന് 7000 രൂപ നിരക്കിൽ 42,000/-രൂപയും ഉൾപ്പെടെ ആകെ 2,24,000/- രൂപ പരിശീലകനായ ശ്രീ.ബേബി കെ വി എന്നയാൾക്ക് അനുവദിച്ച് നല്കുന്നതിനുവേണ്ടിയുള്ള മാങ്കുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ അപേക്ഷ സർക്കാർ അനുമതിക്കായി പഞ്ചായത്ത് ഡയറക്ടർ പരാമർശം (3) പ്രകാരം ലഭ്യമാക്കുകയുമുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, ഇടുക്കി

ജില്ലയിലെ മാങ്കുളം ഗ്രാമപഞ്ചായത്തിൽ 2015-16-വർഷത്തിൽ വനിതകൾക്ക് ഡ്രൈവിംഗ് പരിശീലനം പദ്ധതി നടപ്പിലാക്കിയതിന് പ്രതിഫലമായി 2,24,000/- രൂപ (രണ്ട് ലക്ഷത്തി ഇരുപത്തിനാലായിരം രൂപ മാത്രം) തനത് ഫണ്ടിൽ നിന്നും പരിശീലകനായ ഡ്രൈവിംഗ് സ്ഥാപന ഉടമ ശ്രീ. കെ.വി. ബേബിക്ക് അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
സെക്രട്ടറി, മാങ്കുളം ഗ്രാമപഞ്ചായത്ത്.
അക്കൗണ്ടന്റ് ജനറൽ (എ&ഇ)/ആഡിറ്റ്) കേരള, തിരുവനന്തപുരം
ധനകാര്യവകുപ്പ് (ഡെവ-2/305/2022-ധന (2219455) പ്രകാരം.
ഡയറക്ടർ, കേരളാ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം.
സെക്രട്ടറി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ഓംബുഡ്സ്മാന്റെ കാര്യാലയം, തിരുവനന്തപുരം.
ശ്രീ. ബേബി. കെ.വി, കൊച്ചുപറമ്പിൽ വീട്, മാങ്കുളം പി.ഒ, ഇടുക്കി ജില്ല.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**Signed by Reenamma P A**
**Date: 25-11-2022 13:06:53**
സെക്ഷൻ ഓഫീസർ